ഫോക്കസ് ഫീച്ചർ



Dr. KMC HOSPITAL
CHENGANNUR

# അത്യാധുനിക മികവോടെ ചെങ്ങന്നൂർ ഡോ. കെ. എം. സി ഹോസ്പിറ്റൽ ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗം

ഇന്റർവെൻഷണൽ റേഡിയോളജി എന്നത് റേഡിയോളജിയുടെ അതിവേഗം വളരുന്ന ഒരു ഉപവിഭാഗമാണ്. ശരീരത്തിൽ തല മുതൽ കാൽ വരെ ഓരോ അവയവ വ്യവസ്ഥയിലും ഈ മെഡിക്കൽ വിഭാഗത്തിന്റെ സേവനം പ്രയോജനപ്പെടുന്നു. ഒരു ചെറിയ ദ്വാരത്തിലൂടെ ഇമേജ് ഗൈഡഡ് (Digital Subtraction Angiography, CT, MRI, USG എന്നിവ) സാങ്കേതിക വിദ്യയുടെ സഹായത്താൽ വാസ്കുലാർ ചികിത്സകൾ നടത്തുന്ന രീതിയാണിത്. ചെറിയ നീഡിലുകൾ, വയറുകൾ, കത്തീറ്ററുകൾ എന്നിവ ഉപയോഗിച്ച് ഞരമ്പിലെ പിൻഹോളിലൂടെ കാത് ലാബിലെ ഇന്റർവെൻഷണൽ റേഡിയോളജിസ്റ്റാണ് ഈ ചികിത്സാരീതികൾ ചെയ്യുന്നത്. കുറഞ്ഞ ആശുപത്രിവാസവും മുറിവുകൾ ഇല്ലാതെ തന്നെ വളരെ പെട്ടന്ന് അസുഖം ഭേദമാക്കുന്ന ചികിത്സാരീതികൾ ആണിത്. എല്ലാ വാസ്കുലർ അത്യാഹിതങ്ങളും ഒരു ഇന്റർവെൻഷണൽ റേഡിയോളജിസ്റ്റിന് കൈകാര്യം ചെയ്യാൻ കഴിയുന്നു. കൂടാതെ മറ്റ് മെഡിക്കൽ വിഭാഗങ്ങളുടെ ശസ്ത്രക്രിയകൾക്കും ഇത് ഒരു പ്രധാന പങ്ക് വഹിക്കുന്നു. ന്യൂറോവാസ്കുലർ, പൾമണറി, അയോർട്ടിക്, പെരിഫറൽ വാസ്കുലർ (ധമനികൾ, സിരകൾ), ഓങ്കോളജിക്കൽ. ഗ്യാസ്ട്രോഇന്റസ്റ്റൈനൽ, ആൻജിയോഗ്രാഫി, ആൻജിയോപ്ലാസ്റ്റി/സ്റ്റെന്റിങ് എന്നിവ ഇതിൽ ഉൾപ്പെടുന്നു. രക്തക്കുഴലുകളുടെ പ്രശ്നങ്ങൾക്ക് പുറമേ, ലിവർ, വൃക്ക, ശ്വാസകോശ ട്യൂമർ അധഷൻ, ബയോപ്സി, പി. ടി. ബി. ഡി, സ്റ്റെന്റിങ് തുടങ്ങിയ നോൺവാസ്കുലർ നടപടിക്രമങ്ങളും ഈ വിഭാഗത്തിൽ ചെയ്യാൻ കഴിയുന്നു.

***ഡോ. കെ. എം. സി. ഹോസ്പിറ്റലിലെ ന്യൂറോവാസ്ക്കുലാർ & ഇന്റർവെൻഷണൽ റേഡിയോളജി (IR) വിഭാഗത്തിൽ ലോകോത്തര നിലവാരത്തിലുള്ള നൂതന ചികിത്സാരീതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ചികിത്സ ചെയ്യുന്നതിലും അതിനു ശേഷമുള്ള പരിചരണത്തിലും അത്യാധുനിക നിലവാരത്തിലുള്ള കാത്‌ലാബ് യൂണിറ്റുകളും ഇതിനായി ഒരുക്കിയിരിക്കുന്നു.***

## ന്യൂറോവാസ്കുലാർ ചികിത്സാരീതികൾ

തലച്ചോറിലെയും നട്ടെല്ലിലെയും രക്തക്കുഴൽ സംബന്ധമായ രോഗങ്ങൾ കൃത്യമായി കണ്ടെത്തുന്നതിനായി സെറിബ്രൽ, സ്പൈനൽ ആൻജിയോഗ്രാം, അക്യൂട്ട് ഇസ്കെമിക് സ്ട്രോക്ക് ഉണ്ടായാൽ, രക്തക്കുഴലുകളിൽ നിന്നുള്ള രക്തകട്ടകൾ നീക്കം ചെയ്ത് തലച്ചോറിലേക്കുള്ള രക്തപ്രവാഹം പുനഃസ്ഥാപിക്കുന്ന ജീവൻരക്ഷാ ചികിത്സയായ മെക്കാനിക്കൽ ത്രോംബെക്ടമി, തലച്ചോറിലെയും നട്ടെല്ലിലെയും പെട്ടെന്നുണ്ടാകുന്ന രക്തസ്രാവം ഭേദമാക്കുന്ന അന്യൂരിസം ചികിത്സ, രക്തക്കുഴലുകൾ (ധമനികളും സിരകളും) പിണയുന്ന അപൂർവ അവസ്ഥയായായ ആർട്ടീരിയോവെനസ് വൈകല്യം, കരോട്ടിഡ് ബോഡി ട്യൂമർ, ക്രോണിക് സബ്ഡ്യൂറൽ ഹെമറ്റോമ, ജുവൈനൈൽ നാസോഫാരിൻജിയൽ ആൻജിയോഫൈബ്രോമ, മെനിംജിയോമ എന്നിവയുൾപ്പെടെയുള്ള വിവിധ രോഗാവസ്ഥകൾക്കുള്ള ചികിത്സ, കഴുത്തിലെയും തലച്ചോറിലെയും ചുരുങ്ങിയ രക്തക്കുഴലുകളിൽ സ്റ്റന്റ് സ്ഥാപിച്ച് സാധാരണ രക്തപ്രവാഹം പുനഃസ്ഥാപിക്കുന്ന കരോട്ടിഡ് & ഇൻട്രാക്രാനിയൽ സ്റ്റന്റിംഗ്, പിറ്റ്യൂട്ടറി ഗ്രന്ഥിയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി ACTH ഹോർമോണിന്റെ അളവ് പരിശോധിക്കുന്ന ഇൻഫീരിയർ പെട്രോസൽ സൈനസ് സാംപ്ലിംഗ്, റെറ്റിനയെ ബാധിക്കുന്ന കാൻസറിന് കണ്ണിലെ രക്തക്കുഴലുകളിൽ നേരിട്ട് മരുന്നുകൾ നൽകുന്ന റെറ്റിനോബ്ലാസ്റ്റോമയ്ക്കുള്ള ഇൻട്രാആർട്ടീരിയൽ കീമോതെറാപ്പി ഇവയെല്ലാം ശസ്ത്രക്രിയ ഇല്ലാതെ ഭേദമാക്കാൻ കഴിയുന്നു.

## കരൾപിത്തനാളി സംബന്ധമായ ഇന്റർവെൻഷണൽ ചികിത്സാരീതികൾ

രക്തക്കുഴലുകളുടെയും പിത്തനാളിയുടെയും ശരിയായ

പ്രവർത്തനം ഉറപ്പാക്കുന്നതിനായി ഹെപാറ്റിക് ആർട്ടറി, ഹെപാറ്റിക് വേൻപോർട്ടൽ വേയ്ൻ എന്നിവയിലും കോമൺ ബൈൽ ഡക്റ്റ് (CBD) ലും സ്റ്റെന്റുകൾ സ്ഥാപിക്കുന്ന ചികിത്സ, കരളിലെ രോഗാവസ്ഥകൾ കണ്ടെത്തുന്നതിനായി പെർക്ക്യൂട്ടേനിയസ്, ട്രാൻസ്ജഗുലാർ തുടങ്ങിയ ലിവർ ബയോപ്സികൾ, ശസ്ത്രക്രിയാനന്തരമോ അല്ലാതെയോ അണുബാധ മൂലം ശരീരത്തിനുള്ളിൽ കെട്ടിക്കിടക്കുന്ന ദ്രവം പുറത്തേക്ക് നീക്കുന്നതിന് പെർക്ക്യൂട്ടേനിയസ് ഡ്രെയിനേജ് എന്ന രീതി, ചികിത്സാ മരുന്നുകളോ റേഡിയേഷനോ കൃത്യമായി ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്ന ആധുനിക എംബൊലൈസേഷൻ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചു ഹെപാറ്റിക് ആർട്ടറി സ്യൂഡോഅന്യൂറിസം, റേഡിയോഫ്രീക്വൻസി അബ്ലേഷൻ (RFA), മൈക്രോവേവ് അബ്ലേഷൻ (MWA) എന്നീ അത്യാധുനിക ചികിത്സാ രീതികൾ, ഇത് ഹെപ്പറ്റോസെല്ലുലാർ കാർസിനോമ (കരളിലെ കാൻസർ) ചികിത്സയ്ക്ക് ഏറെ ഗുണകരമാണ്. കൂടാതെ കരളിലൂടെ കടന്നുപോകുന്ന പോർട്ടൽ സിരയിലെ ഉയർന്ന സമ്മർദ്ദം മൂലമുണ്ടാകുന്ന സങ്കീർണതകൾക്കും രക്തക്കുഴലുകൾ അസാധാരണമാംവിധം വീർത്ത് വലുതാകുന്ന അവസ്ഥയ്ക്കുമുള്ള ചികിത്സകൾ ഇതിൽ ഉൾപ്പെടുന്നു.

## ഗ്യാസ്ട്രോഇന്റസ്റ്റൈനൽ ഇന്റർവെൻഷൻസ്

മെസെന്ററിക് ആർട്ടറിയുമായി ബന്ധപ്പെട്ട രക്തക്കുഴൽ പ്രശ്നങ്ങൾ പരിഹരിക്കാൻ, സുപീരിയർ മെസെന്ററിക് ആർട്ടറി (SMA) സ്റ്റന്റിംഗ് ഉൾപ്പെടെയുള്ള നൂതനമായ ചികിത്സ, ദഹനപഥത്തിലെ മുകളിലത്തെയും താഴത്തേയും രക്തസ്രാവങ്ങൾ നിയന്ത്രിക്കുന്നതിനായുള്ള എംബൊലൈസേഷൻ ചികിത്സ, സ്പ്ലീനിക് ആർട്ടറി പ്സ്യൂഡോഅന്യൂറിസങ്ങൾ (പ്ലീഹയിലേക്കുള്ള പ്രധാന രക്തധമനിയിലുണ്ടാകുന്ന ഗുരുതരമായ രോഗാവസ്ഥ) തുടങ്ങി വിവിധതരം ചികിത്സകൾ ഇതിൽ ഉൾപ്പെടുന്നു.

## ഓർത്തോപീഡിക് ഇന്റർവെൻഷൻസ്

പൊട്ടൽ സംഭവിച്ച വെർടിബ്രയിലേക്ക് പ്രത്യേകമായ സിമെന്റ് കുത്തിവെച്ച് നട്ടെല്ലിലെ വേദന കുറയ്ക്കുകയും ചലനശേഷി വീണ്ടെടുക്കുകയും ചെയ്യുന്ന ചികിത്സയായ വെർടിബ്രോപ്ലാസ്റ്റി, ഓസ്റ്റിയോആർത്രൈറ്റിസിന്റെ വേദന കുറയ്ക്കുന്നതിനായി ജെനിക്കുലർ ആർട്ടറി എംബൊലൈസേഷൻ, വെർട്ടെബ്രൽ ബോഡി ഹെമാൻജിയോമ എംബൊലൈസേഷൻ തുടങ്ങിയ ചികിത്സ, ഓസ്റ്റിയോ ആർത്രൈറ്റിസ് മൂലമുണ്ടാകുന്ന കാൽമുട്ട് വേദന കുറയ്ക്കാൻ ഉപയോഗിക്കുന്ന ശസ്ത്രക്രിയേതര ചികിത്സയായ ഓസ്റ്റിയോ ആർത്രൈറ്റിസിനുള്ള ജെനിക്കുലർ നെർവ് ബ്ലോക്ക്, റേഡിയോ ഫ്രീക്വൻസി അബ്ലേഷൻ (RFA) വഴി ഓസ്റ്റിയോയ്ഡ് ഓസ്റ്റിയോമ മൂലമുള്ള വേദന തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

## പെരിഫറൽ വാസ്കുലർ ഇന്റർവെൻഷൻസ്

കാലുകളിലെ ബ്ലോക്കുകൾക്കും മറ്റു സങ്കീർണതകൾക്കും ആർട്ടീരിയൽ ആൻജിയോപ്ലാസ്റ്റി & സ്റ്റന്റിംഗ്, സബ്ക്ലേവിയൻ ആർട്ടറി സ്റ്റന്റിംഗ്, അയോർട്ടിക് അന്യൂറിസം അല്ലെങ്കിൽ ഡിസെക്ഷൻ എന്നിവയ്ക്കുള്ള അയോർട്ടിക് സ്റ്റന്റ് ഗ്രാഫ്റ്റ് സ്ഥാപിക്കൽ തുടങ്ങിയ ചികിത്സകൾ, വെരിക്കോസ് വെയിനുള്ള ലേസർ അബ്ലേഷൻ, റേഡിയോഫ്രീക്വൻസി അബ്ലേഷൻ (RFA), ഗ്ലൂ തെറാപ്പി, DVT രോഗികളിൽ രക്തകട്ടകൾ ശ്വാസകോശത്തിലേക്കും ഹൃദയത്തിലേക്കും എത്തുന്നത് തടയാൻ IVC ഫിൽറ്റർ സ്ഥാപിക്കുന്ന ചികിത്സ, രക്തക്കുഴലുകളിൽ കട്ടപിടിച്ചു ഉണ്ടായ രക്തക്കട്ടകൾ വലിച്ചെടുക്കുന്ന ചികിത്സ, ലോഫ്ലോ വാസ്കുലർ, ലിംഫാറ്റിക് മൽഫോർമേഷനുകൾ സ്ക്ലിറോതെറാപ്പിയിലൂടെയുള്ള ഫലപ്രദമായ ചികിത്സ ഇതിൽ ഉൾപ്പെടുന്നു.

## നെഫ്രോയൂറോളജിക്കൽ ഇന്റർവെൻഷൻസ്

കിഡ്നി, മൂത്രശയ രോഗങ്ങൾക്കുള്ള റീനൽ ആർട്ടറി സ്യൂഡോഅന്യൂരിസം എംബൊലൈസേഷൻ, പ്രോസ്റ്റേറ്റ് ആർട്ടറി എംബൊലൈസേഷൻ, ഗോണാഡൽ വെയിൻ എംബൊലൈസേഷൻ, ശസ്ത്രക്രിയയ്ക്കു മുമ്പുള്ള ട്യൂമർ എംബൊലൈസേഷൻ, മൂത്രതടസ്സം (Urinary Obstruction) പോലുള്ള അവസ്ഥകൾ ശസ്ത്രക്രിയ കൂടാതെ ചെറിയ മുറിവിലൂടെ ചെയ്യുന്ന ചികിത്സാവിദ്യയായ പെർക്കുട്ടേനിയസ് നെഫ്രോസ്റ്റോമി, വൃക്കരോഗങ്ങൾ നിർണ്ണയിക്കുന്നതിനായി റീനൽ ബയോപ്സി, ഇടുങ്ങിയ റീനൽ ആർട്ടറിയിൽ സ്റ്റന്റ് സ്ഥാപിച്ച് രക്തപ്രവാഹം പുന:സ്ഥാപിക്കുന്ന റീനൽ ആർട്ടറി സ്റ്റന്റിംഗ്, ക്രോണിക് വൃക്കരോഗങ്ങളുടെ ഡയാലിസിസ് ചെയ്യുന്നതിനായി ടണൽഡ് കത്തീറ്റർ സ്ഥാപിക്കൽ സേവനം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

**കൂടാതെ ഗർഭാശയ ഫൈബ്രോയ്ഡുകൾ, സ്ത്രീകളിലെ അമിതരക്തസ്രാവം, തൈറോയ്ഡ് മുഴകൾ, ശ്വാസകോശ സംബന്ധമായ ചില അസുഖങ്ങൾക്കും ഏറെ പ്രയോജനപ്രദമായ ചികിത്സാരീതിയാണ്**

## വിവരങ്ങൾക്ക് കടപ്പാട്:



**Dr. Jaimi Abraham**
MBBS, MD (Radiodiagnosis), Fellowship in Vascular Interventional Radiology (FVIR), European Board of Interventional Radiology (EBIR)
**Consultant Interventional Radiologist**



**Dr. Arun Gopalakrishna Pillai**
MBBS, MD (Radiology), Fellowship in Interventional Radiology
**Consultant Interventional Radiologist**


**Dr. KM CHERIAN INSTITUTE OF MEDICAL SCIENCES**
KALLISSERY, CHENGANNUR
A WORLD CLASS HOSPITAL YOU CAN TRUST
[ A Venture of Dr. K M Cherian Institute of Medical Sciences Pvt.Ltd ]

+91 92495 38578

GENERAL ENQUIRY & BOOKING 0479 236 3300/ 3456 0479 356 3456

For booking & other queries Scan QR code

Kallissery P.O., Chengannur, Alappuzha (Dist), Kerala, India - 689124

kmcims drkmcims.com info@drkmcims.com